Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല- പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് -കോസ്റ്റൽ റഗുലേഷൻ സോൺ ലംഘിച്ച് അനധികൃത നിർമ്മാണം - പരിശോധന നടത്തുന്നതിനായി ഒരു സംഘത്തെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പ്

സ.ഉ (സാധാ) നം .1308 /13 /തസ്വഭവ തിരുവനന്തപുരം, തീയതി 17.05.2013

---

പരാമർശം:- വിജിലൻസ് (ഡി) വകുപ്പിൻെറ 5.10.12-ലെ 6653/ഡി3/2013/വിജി നമ്പർ കത്ത്.

ഉത്തരവ്

എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെറായി ബീച്ചിൽ കോസ്റ്റൽ റഗുലേഷൻ സോൺ ലംഘിച്ച് നിരവധി അനധികൃത നിർമ്മാണങ്ങൾ നടക്കുന്നതായി പരാമർശത്തിലെ കത്ത് പ്രകാരം വിജിലൻസ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിൽ ഒരു പ്രത്യേക അന്വേഷണ സംഘം ആവശ്യമാണെന്നു ബോധ്യപ്പെട്ടു. ആയതിനാൽ ചെറായി ബീച്ചിനു സമീപമുള്ള കെട്ടിടങ്ങൾ സംബന്ധിച്ച് വിശദമായ പരിശോധനയ്ക്കും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി എറണാകുളം ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർമാരായ ശ്രീമതി. കെ. എം. സിന്ധു, ശ്രീ.കെ.ആർ.രാജീവ് എന്നിവരുടെ നേതൃത്വത്തിൽ ഒരു ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ടീമിനെ സഹായിക്കുന്നതിനായി എറണാകുളം ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിലെ രണ്ട് സർവ്വേയർമാരുടെ സേവനം കൂടി എറണാകുളം സീനിയർ ടൗൺ പ്ലാനർ നൽകേണ്ടതാണ്. പരിശോധനകൾക്കാവശ്യമായ നിർദ്ദേശങ്ങൾ

ക്കായി സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്) നെ ബന്ധപ്പെടേണ്ടതാണ്. ഇതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം സർക്കാരിന് സമർപ്പിക്കേണ്ട താണെന്നും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
മധു. ബി
ഡെപ്യൂട്ടി സെക്രട്ടറി

1) സീനിയർ ടൗൺ പ്ലാനർ, എറണാകുളം
2) ശ്രീമതി.കെ. എം സിന്ധു,
ഡെപ്യൂട്ടി ടൗൺ പ്ലാനർ, സീനിയർ ടൗൺ പ്ലാനറുടെ ഓഫീസ്,
എറണാകുളം
3) ശ്രീ. കെ. പി. രാജീവ്,
ഡെപ്യൂട്ടി ടൗൺ പ്ലാനർ, സീനിയർ ടൗൺ പ്ലാനറുടെ ഓഫീസ്,
എറണാകുളം
4.) സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്)
5) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
6) ഓഫീസ് പകർപ്പ്
7) കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ